Vol. 02 / No. 01 2026 March 25

CATHEDRAL
# News

THE ONLINE OFFICIAL NEWS BULLETIN

## EDITORIAL BOARD

Chairman
Fr. Abraham Karamel

Chief Editor
Fr. Sibi Mathew Varghese

Editor
Mr. Davis John

Members
Mr. Baisy George

Mr. Eldhose John

Dr. Nishin John

Mr. Thomas John

Dr. Naveen Jacob

Mrs. Jisha Anil

Mr. Joshy Daniel

Mrs. Mereya Ajith

എഡിറ്റോറിയൽ

## വ്രതകാലം: തിരഞ്ഞെടുപ്പിന്റെ കാലം

പീലാത്തോസിന്റെ അരമനയിൽ വിസ്തരിക്കുവാനായി യേശുവിനെ കൊണ്ടുവന്നു. പെസഹ ദിവസത്തിൽ തടവുപുള്ളികളിൽ ഒരാളെ വിട്ടയക്കുന്ന പതിവുണ്ട്. പീലാത്തോസ് ചോദിച്ചു; യേശുവിനെ വിട്ടയക്കട്ടെ? വേണ്ട. ഞങ്ങൾക്ക് ബറാബ്ബാസിനെ മതി. യേശുവിനെ കൊല്ലുക, ബറാബ്ബാസിനെ വിട്ടയക്കുക.

യേശുവും, ബറാബ്ബാസും. രണ്ടും പേരും കുപ്ര സിദ്ധരാണ്, തടവുപുള്ളി കളാണ്. ബറാബ്ബാസ് റോമാ സാമ്രാജ്യത്തിനെതിരെ പരസ്യമായി പോരാടിയിരുന്ന ആളാണ്. അയാൾ എല്ലാവർക്കും ഹീറോയാണ്. 'നഗരത്തിലുണ്ടായ ഒരു കലഹവും കൊലപാതകവും ഹേതുവായി തടവിലായവൻ' എന്നാണ് ലൂക്കോസ് സുവിശേഷ കൻ ബറാബ്ബാസിനെ വിശേഷിപ്പിക്കുന്നത്. ദശാബ്ദങ്ങ ളായി യഹൂദന്മാരുടെയും, അവരുടെമേൽ ഭരണം നടത്തിയിരുന്ന റോമൻ ഭരണകൂടത്തിന്റെയും ഇടയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങളിൽ ഉയർന്നു കേട്ടിരുന്ന പ്രതിരോധത്തിന്റെ വിപ്ലവ ശബ്ദമാണ് ബറാബ്ബാസ്. ഒരു തരത്തിൽ യേശുവും ഇതേകാര്യത്തിൽ വിപ്ലവം നയി ച്ചയാളാണ്. പിന്നെ എന്താണ് അവരുടെ ഇടയിലെ വ്യത്യാസം. മൂല്യവ്യവസ്ഥ യിലാണ് (Value System) വ്യത്യാസം. ബറാബ്ബാസ് ശക്തികൊണ്ട് (Power) കാര്യ ങ്ങൾ നേരിടുന്നതും, നേടിയെടുക്കുന്നതുമായ ആളാണ്.

രക്തചൊരിച്ചിലുകളിലൂടെ സ്വാതന്ത്ര്യം നേടിയെടുക്കാൻ ശ്രമിക്കുന്ന വിപ്ലവ കാരി. അയാൾക്കും ആ സമൂഹത്തിൽ അനുയായികളുണ്ടായിരുന്നു. കൊലപാത കങ്ങളും കൊള്ളിവെയ്പ്പും അമർച്ചചെയ്യലും കൊള്ളയടിക്കലുമൊക്കെയായി അയാൾ പൂണ്ടുവിളയാടുകയായിരുന്നു. ഇപ്പോൾ പിടിയിലായി. പക്ഷേ യേശു വിന്റെ മൂല്യവ്യവസ്ഥ തീർത്തും വ്യത്യസ്തമാണ്. 'യഹൂദന്മാരുടെ രാജാവാണോ?' എന്ന ചോദ്യത്തിന് വളരെ ലളിതമായി 'നിനക്ക് അതു അറിയാമല്ലോ' എന്ന മറു ചോദ്യത്തിൽ ഒതുക്കുകയാണ്. പീലാത്തൊസിന്റെ അരമനയിൽ എന്തെങ്കിലും ചെപ്പടിവിദ്യ കാട്ടി രക്ഷപെടാൻ അറിയാഞ്ഞിട്ടാണോ? അല്ല, അയാൾ നിശബ്ദ നായി തന്റെ നിയോഗങ്ങളോട് ചേർന്നു നിൽക്കുകയാണ്. ക്രൂശിൽ നിന്നും ഇറങ്ങി വരാമായിരുന്നിട്ടും അയാൾ മരിക്കുവാൻ സ്വയം ഏൽപ്പിച്ചുകൊടുക്കുകയാണ്. അയാൾ സഹന ദാസനാണ് (Suffering Servant). എന്നാൽ ബറാബ്ബാസ് റോമൻ ഭരണകൂടത്തെ പരസ്യമായി വെല്ലുവിളിക്കുന്ന വിപ്ലവനായകനാണ്. 'ആരെയാണ് നിങ്ങൾക്ക് ആവശ്യം' എന്ന ചോദ്യത്തിന് ജനക്കൂട്ടത്തിന് അധികം ആലോചിക്കേണ്ടി വന്നില്ല. അവർക്കുവേണ്ടത് ശക്തികൊണ്ട് വിപ്ലവം നയിക്കുന്ന ബറാബ്ബാസിനെ യാണ്. രാജാവായിട്ടും കുരിശുമരണത്തിന് സ്വയം വിട്ടുകൊടുത്ത സഹന ദാസ നെയല്ല. പീലാത്തോസിന്റെ അരമനയിൽ മുഴങ്ങിയ ആ ചോദ്യം ഇന്നും നമുക്ക് കേൾക്കാം. പ്രത്യേകിച്ച് ഈ നോമ്പുകാലത്തു ആ ചോദ്യത്തിന് കാതോർക്കണം.

ആരെയാണ് നിങ്ങൾക്ക് ആവശ്യം? ബറാബ്ബാസിനെയോ, യേശുവിനെയോ? രണ്ടു വഴികളാണ് മുന്നിൽ, ഒന്ന് കലഹത്തിന്റെയും മറ്റൊന്ന് സഹനത്തിന്റെയും. ലക്ഷ്യമല്ലേ പ്രധാനമെന്നു പറഞ്ഞു സാധൂകരിക്കാം. കലഹത്തിന്റെ വഴിയാണ് ജനക്കൂട്ട ത്തിന് (Mob) ഇഷ്ടം. കാരണം പൊള്ളയായ ഒരു സജീ വത ആ വഴിയിലുണ്ട്. എപ്പോഴും വഴക്കും ബഹളവും കോലാഹലവും. ശബ്ദമുഖരിതമാണ് ആ വഴി. ജനക്കൂട്ട ത്തിന് എപ്പോഴും ആകർഷനീയം അത്തരത്തിലുള്ള വഴി യാണ്. അങ്ങനെയുള്ള വഴിയേ നയിക്കുന്ന നേതൃത്വങ്ങ ളോടും അവർക്ക് പ്രിയമാണ്. സഹനം ബലഹീനതയുടെ ലക്ഷണമായാണ് അവർ കാണുന്നത്. വിപ്ലവത്തിൽ എന്തു സഹനം. മുൻപിലുള്ളതെല്ലാം വെട്ടിയൊതുക്കി കുതിക്കുക, അത്രതന്നെ. കലഹത്തിന്റെ വഴിയിൽ സൗഖ്യ മില്ല, മുറിവുകൾ മാത്രം. എന്നാൽ സഹനത്തിന്റെ വഴി യിൽ സൗഖ്യം നടക്കുന്നുണ്ട്. മുറിവുകൾ വെച്ചുകെട്ടു ന്നുണ്ട്, സാവധാനം ഉണങ്ങുന്നുമുണ്ട്. ബറാബ്ബാസ് യുദ്ധത്തിന്റെയും ശക്തിയു ടെയും അക്രമാസക്തമായ കലാപത്തിന്റെയും വഴിയെ പ്രതിനിധീകരിക്കുന്നു. യേശു സമാധാനത്തിന്റെയും നിഷ്കളങ്കതയുടെയും ത്യാഗത്തി ന്റെയും വഴിയെ പ്രതിനിധാനം ചെയ്യുന്നു. പീലാത്തോസ് ജനക്കൂട്ടത്തോട് അവരുടെ മുൻഗണന ചോദിക്കുമ്പോൾ, ഇതാണ് തർക്ക വിഷയം. യെരുശലേം അക്രമത്തിന്റെ വഴി തിരഞ്ഞെടുക്കുന്നു. ഇന്നും നമുക്കിഷ്ടം പ്രകടന ത്തിന്റെയും പ്രഹ സങ്ങളുടെയും വഴിയാണ്. ആളെക്കൂ ട്ടാനും, ആളുകളിക്കാനും പറ്റിയ വഴിയാണത്. പൊതു ജനശ്രദ്ധയിൽ (Limelight) സജീവമായി നിൽക്കാൻ എന്തു പബ്ലിക് സ്റ്റണ്ടും കാണിക്കും. ലക്ഷ്യം പറഞ്ഞാണ് ഇതിനെ യൊക്കെ സാധൂകരിക്കുക. ജനക്കൂട്ടത്തെ ഹരം കൊള്ളിക്കുന്ന വാക്കുകൾകൊണ്ട് മനുഷ്യമനസ്സുകളെ കീഴടക്കും. സ്വാതന്ത്ര്യത്തിനായി കേഴുന്ന മനുഷ്യരെ സംബന്ധിച്ച് ഇങ്ങനെയുള്ളവർ ഹീറോയാണ്. എന്നാൽ ക്രിസ്തുവിന്റെ വഴി കുരിശിന്റെ വഴിയാണ്. അവിടെ പീഡാനുഭവമുണ്ട്, സഹനമുണ്ട്, കുരിശുമരണമുണ്ട്. ആർക്കാണ് ആ വഴി ഇഷ്ടമാവുക? ബലഹീനനും, അശ ക്തനും, സ്വന്തം ജീവൻപോലും രക്ഷിക്കാൻ കെൽപ്പില്ലാ ത്തവനുമായ ദൈവത്തെ ആർക്കുവേണം? പക്ഷെ അവി ടെയാണ് രക്ഷയെന്നു ക്രിസ്തു കാണിച്ചുതന്നു. അവിടെ യാണ് യഥാർത്ഥ ജീവനെന്നു പിന്നീട് നമുക്ക് മനസ്സി ലാകും. പ്രതികാരം ചെയ്യാൻ ആർക്കും എളുപ്പമാണ്, പക്ഷേ പരിഹാരമാവാൻ അടികൊണ്ടവനെ സാധിക്കൂ. ക്രിസ്തു ആരോടും പ്രതികാരം ചെയ്യാൻ വന്നവനല്ല പരിഹാരമാവാൻ വന്നവനാണ്. ബറബ്ബാസിന്റെ വഴി പ്രതികാരത്തി ന്റെയാണ്, ക്രിസ്തുവിന്റേത് പരിഹാര ത്തിന്റെയും.

അക്രമത്തിന്റെയും അധികാര ഗർവ്വിന്റെയും അടി ച്ചമർത്തലിന്റെയും മാതൃക അവതരിപ്പിക്കുന്ന നേതൃത്വ ത്തോട് ചേർന്നുനിൽക്കാൻ ഒരുകൂട്ടം ആളുകൾ എന്നു മുണ്ടാകും. അവർക്കൊരിക്കലും ക്ഷമയും സഹനവും അനുരഞ്ജനവും അവതരിപ്പിക്കുന്ന നേതൃത്വത്തോട് താൽപര്യം ഉണ്ടാവുകയില്ല. അവരെ സംബന്ധിച്ച് അങ്ങ നെയുള്ള നേതൃത്വം ഊർജ്ജസ്വലമല്ല (Not vibrant).

കുരിശിന്റെ വഴി ഉപേക്ഷിക്കാനുള്ള പ്രലോഭന ങ്ങളും, ഇടർച്ചകളും നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന പരി. സഭയുടെ തീർത്ഥാടനവഴികളിൽ ഇന്നും കാണാ വുന്നതാണ്. ത്യാഗപൂർവ്വം സമർപ്പിക്കുന്നതും സഹന ങ്ങൾ ഏറ്റെടുക്കുന്നതും അടിമത്തമല്ല. ചൂഷണത്തിനു സ്വയംവിട്ടുകൊടുക്കുന്നത് ഭീരുത്വവുമല്ല; മറിച്ച് അതു ക്രൈസ്തവ ധീരതയാണ്. ലക്ഷ്യത്തോടൊപ്പം മാർഗവും പവിത്രമായിരിക്കണമെന്ന പ്രമാണം അടിസ്ഥാനപരമാ ണെന്ന് വിസ്മരിക്കരുത്.

തെറ്റുകളും ആരോപണങ്ങളും കുറ്റപ്പെടുത്തലു കളുമുയരുമ്പോൾ അതു പരിഹരിക്കേണ്ട വേദികൾ സഭയ്ക്കുള്ളിലും സ്വീകരിക്കേണ്ട ശൈലി ക്രിസ്തുമാർഗ വുമാണ്. നമ്മുടെ ആഭിമുഖ്യങ്ങൾ വഴിവിട്ട് പ്രതികാര രീതികളിലേക്കു നീങ്ങാതെ എല്ലാവരെയും ക്രിസ്തു മിഴി കളിലൂടെ ദർശിക്കുവാനും പ്രശ്നങ്ങൾ സുവിശേഷ മാർഗത്തിലൂടെ പരിഹരിക്കുവാനും കഴിയുന്നതാണ് യഥാർത്ഥ വിജയം. ദ്രോഹിക്കുന്നവർക്കു മാപ്പു നൽകി ത്യാഗപൂർവ്വം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ കരം അനുഗ്രഹം ചൊരിയുമെന്ന വിശ്വാസവെളിച്ചം നമ്മിൽ അണഞ്ഞുപോകരുത്.

ബറാബ്ബാസിന്റെ തുടർജീവിതത്തെ പറ്റി ആധി കാരികമല്ലെങ്കിലും ഒരു ചരിത്രവായനയുണ്ട്. ആ സന്ധ്യ യിൽ തന്റെ കുടുംബത്തോടൊപ്പം ഒരു അത്താഴം അയാൾ സ്വപ്നം കണ്ടിരുന്നില്ല. നാളെ താൻ മരണശിക്ഷ ഏറ്റുവാങ്ങേണ്ടിയിരുന്ന ദിവസമാണ്. അത്താഴമേശയിൽ അയാൾ യേശുവിനെ ഓർത്തെടുക്കുകയാണ്. തനിക്കു പകരം, അല്ല തനിക്കുവേണ്ടി കുരിശുമരണം ഏറ്റുവാ ങ്ങിയ യേശു. അത്താഴത്തിന്റെ മുൻപിൽ നിന്നും അയാൾ ഞെട്ടിയെഴുന്നേൽക്കുന്നു. യേശുവിന്റെ പിറകേ പോകണം. എന്താണ് അയാൾക്ക് സംഭവിക്കുന്നതെന്നു കാണണം. കുരിശോളം അയാൾ യാത്രചെയ്തു. തന്റെ വഴിയായിരുന്നില്ല ശരി. യേശുവാണ് യഥാർത്ഥ വഴി. സഹനത്തിന്റെ വഴി. കുരിശിന്റെ വഴി. സത്യമുള്ള വഴി. ജീവൻ പ്രദാനം ചെയ്യുന്ന വഴി. ബറാബ്ബാസ് യേശുവിന്റെ വഴി പിന്തുടരുവാൻ തീരുമാനിച്ചു. ബറാബ്ബാസിന്റെയും യേശുവിന്റെയും വഴികൾക്കിടയിലുള്ള അകലം ഒരു കുരി ശിന്റെ ദൈർഘ്യം മാത്രം. നോമ്പ് ക്രിസ്തുവിന്റെ കുരിശു തേടിയുള്ള യാത്രയല്ലേ. മടക്കയാത്രയിൽ ആ ചോദ്യ ത്തിന് ഒരു മറുപടിയുണ്ടാവണം. ഇനി ആരെ തിരഞ്ഞെ ടുക്കും; യേശുവിനെയോ, ബറാബ്ബാസിനെയോ?

**ഫാ. സിബി മാത്യു വർഗീസ്**
ചീഫ് എഡിറ്റർ

# ദൈവിക സമ്പത്തും സംരംഭകത്വവും

'ദൈവം തന്ന ഓരോ കൃപാവരത്തെയും അന്യോന്യം ശുശ്രൂഷിക്കുന്നതിനായി നല്ല ഗൃഹവിചാരകന്മാരായി ഉപയോഗിക്കുവിൻ.' (1 പത്രോസ് 4:10).

ഒറ്റയ്ക്കൊറ്റയ്ക്കുള്ള തുരുത്തുകളാകാൻ എളുപ്പമാണ്, എന്നാൽ ഒരുമിച്ചുചേർന്ന് ഒരു വലിയ ലക്ഷ്യത്തിലേക്ക് തുഴയുന്നതാണ് യഥാർത്ഥ വിജയം.

സെന്റ് തോമസ് കത്തീഡ്രൽ എന്ന വലിയ കുടുംബത്തിലെ അംഗങ്ങൾക്കിടയിൽ ആത്മീയമായ ഐക്യത്തിനൊപ്പം തന്നെ സാമ്പത്തികവും തൊഴിൽപരവുമായ ഒരു മുന്നേറ്റം ലക്ഷ്യമിട്ടാണ് GROW (Godly Resources Of Wealth) എന്ന സംരംഭകത്വ പ്രൊഫഷണൽ കൂട്ടായ്മ 2025 ഓഗസ്റ്റ് മാസം രൂപമെടുത്തത്. 'ഒരുമിച്ച് വളരാം' എന്ന സന്ദേശത്തിനൊപ്പം, നാം കൈകാര്യം ചെയ്യുന്ന സമ്പത്ത് ദൈവത്തിന്റേതാണെന്നും അത് ഉത്തരവാദിത്തത്തോടെ വിനിയോഗിക്കണമെന്നുമുള്ള വലിയ ചിന്തയാണ് ഈ കൂട്ടായ്മ വിഭാവനം ചെയ്യുന്നത്.

**എന്താണ് GROW?**

നമ്മുടെ ഇടവകാംഗങ്ങളായ സംരംഭകർക്കും പ്രൊഫഷണലുകൾക്കും പരസ്പരം സഹകരിക്കാനും അറിവുകൾ പങ്കുവെക്കാനും അവസരമൊരുക്കുന്ന ഒരു പ്ലാറ്റ്ഫോമാണ് GROW. ഇതിന്റെ ഏറ്റവും പ്രധാന പ്പെട്ട ഒരു ലക്ഷ്യം നമ്മുടെ നാട്ടിലെ യുവജനങ്ങൾക്ക് ഇവിടെത്തന്നെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഉയർന്ന പഠനത്തിനുശേഷം നമ്മുടെ മിടുക്കരായ യുവജനങ്ങൾ വിദേശത്തേക്ക് ചേക്കേറുന്ന ബ്രയിൻ ഡ്രെയിൻ (Brain Drain) ഒഴിവാക്കി, അവരെ നമ്മുടെ നാടിന്റെ വികസനത്തിൽ പങ്കാളികളാക്കാൻ നാം ആഗ്രഹിക്കുന്നു.

കൂടാതെ, ആധുനിക സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) പോലുള്ള മേഖലകളിൽ നമ്മുടെ യുവജനങ്ങളെയും സാധാരണക്കാരെയും പ്രാപ്തരാക്കുക, വിവിധ തൊഴിൽ മേഖലകളിൽ അവർക്ക് നൈപുണ്യ പരിശീലനം നൽകുക എന്നതും ഏങ്ങചരണയുടെ ലക്ഷ്യമാണ്. കേവലം ഒരു ബിസിനസ്സ് നെറ്റ്‌വർക്കിംഗ് എന്നതിലുപരി, സഭയുടെ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണ് നാം ചെയ്യുന്നത്.

**North Ark LLP: കൂട്ടായ അധ്വാനത്തിന്റെ ഫലം**

GROW കമ്മ്യൂണിറ്റിയിൽ നിന്നുള്ള ആദ്യത്തെ വലിയ ചുവടുവെപ്പാണ് 'North Ark LLP' എന്ന കമ്പനി. North Ark ഇന്ന് Home Decor, Utilities, Accessories, Toys തുടങ്ങിയ ഉൽപ്പന്നങ്ങൾ സ്വന്തം ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിലൂടെയും സ്റ്റാളുകൾ, എക്സ്പോകൾ, കോർപ്പറേറ്റ് ഗിഫ്റ്റിംഗ് എന്നിവയിലൂടെയും വിപണനം ചെയ്യുന്നു. ഭാവിയിൽ സ്വന്തമായി ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാനും നോർത്ത് ആർക്കിന് പദ്ധതിയുണ്ട്.

സമൂഹത്തിലെ എല്ലാ തട്ടുകളിലുള്ളവർക്കും തുല്യമായ തൊഴിലവസരങ്ങൾ നൽകുക എന്ന ഇൻക്ലൂസിവിറ്റി (Inclusivity) നയം നോർത്ത് ആർക്കിന്റെ പ്രത്യേകതയാണ്. നമ്മുടെ ഇടവകാംഗങ്ങളെ സഹായിക്കുന്നതോടൊപ്പം തന്നെ പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ജോലി നൽകി അവരെക്കൂടി ഉൾക്കൊള്ളാനാണ് നാം ശ്രമിക്കുന്നത്.



**പിന്തുണയും നന്ദിയും**

നോർത്ത് ആർക്കിനെപ്പോലെ ഇനിയും ഒട്ടേറെ സംരംഭങ്ങൾ GROW യുടെ നേതൃത്വത്തിൽ വരാനിരിക്കുന്നു. ഇതിനായി ഇടവകാംഗങ്ങളുടെ അകമഴിഞ്ഞ പിന്തുണയും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം വലിയ പ്രോത്സാഹനം നൽകുന്ന കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയോടും, നമ്മുടെ വികാരിയച്ചന്മാരായ ഫാ. എബ്രഹാം കാരാമേൽ, ഫാ. സിബി മാത്യു വർഗീസ് എന്നിവരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ഉപസംഹാരം**

നമ്മുടെ ഇടവകയുടെ വളർച്ചയ്ക്ക് ആത്മീയമായ അടിത്തറയോടൊപ്പം തന്നെ ഇത്തരം ക്രിയാത്മകമായ കൂട്ടായ്മകളും അനിവാര്യമാണ്. ആത്മീയമായി ബലപ്പെടുന്നതോടൊപ്പം ഭൗതികമായി സ്വയംപര്യാപ്തതയുള്ള ഒരു സമൂഹമായി മാറാൻ നമുക്ക് സാധിക്കട്ടെ. നമുക്ക് ഒരുമിച്ച് സ്വപ്നം കാണാം, ഒരുമിച്ച് പണിയാം, ദൈവീകമായ സമ്പന്നതയിലേക്ക് ഒരുമിച്ച് വളരാം.

GROW, North Ark എന്നീ സംരംഭങ്ങൾക്ക് എല്ലാവിധ ആശംസകളും!

North Ark Official Website: www.northark.in

ലേഖനം

ഡോ. മിലാനി മേരി പോൾ
Consultant Ophthalmologist
St. George Hospital, Muvattuppuzha



# ഉദയ രാഗം

ഉയിർപ്പ്...

ഒരു 50 ദിവസത്തിന്റെ വിളുമ്പിലേക്ക് നോക്കുമ്പോൾ കാണുന്ന ആത്മീയമായ ദർശനം.

പക്ഷെ അത് മാത്രമോ...?

ചലനമാണ്.

നിശ്ചലമായ ഒരിടത്തിൽ നിന്നുമുള്ള പുരോഗമനം.

മനസ്സും ശരീരവും ഒരുപോലെ സന്നദ്ധ മാക്കേണ്ട നേരം...

പോകുന്ന നടവഴികളിൽ പരിത്യജിക്കേണ്ടി വരുന്നുണ്ട് പലതും..

എങ്കിലും മുന്നോട്ട് എന്നത് തന്നെ...

വിട്ടുപിടിക്കുന്ന ഏതും യാത്രയെ ലഘൂകരിക്കുന്നു.

ഒരു വൃത്തത്തിനുള്ളിലെ ദിവസങ്ങളിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല ഉയിർപ്പ്.

അത് നിത്യം സംഭവിക്കുന്നുണ്ട്.

പുലരി മുതൽ ത്രിയാമം വരെ...

എവിടെയൊക്കെ മനുഷ്യൻ തളയ്ക്കപ്പെട്ടു കിടക്കുന്നുവോ അവിടുന്നെല്ലാം മുന്നോട്ട് വെയ്ക്കുന്ന ഓരോ പദചലനവും അതിന്റെ വ്യാഖ്യാനമാണ്.

എന്നും ബസ്സിൽ കയറുമ്പോൾ നിശബ്ദമായി സഹിക്കേണ്ടി വരുന്ന പുരുഷസ്പർശത്തെ വെല്ലുവിളിക്കുന്ന ഒരു സ്ത്രീ മുതൽ എല്ലുമുറിയെ പണിയെടുത്തിട്ടും വേണ്ട നിവേദനമോ ആദരവോ തരാൻ മടിക്കുന്ന മേലധികാരിയോട് തുറന്നടിക്കുന്ന കീഴുദ്യോഗസ്ഥൻ വരെ ആ ലിസ്റ്റിൽ പെടുന്നു.

ബന്ദിയാക്കുന്ന എല്ലാ കടുംകെട്ടുകളെയും പൊട്ടിച്ചെറിയണമെന്ന് തോന്നുന്ന നിമിഷം ഒരാളുടെ ഉയിർപ്പിന്റെ പ്രകാശ കാണ്ഡം തുടങ്ങുകയാണ്.

നീതിബോധമാണ് സാരം.

അവനവനോടുള്ള നീതി...

ഏത് ഇരുട്ടറയിലാണ് അകപ്പെട്ടിരിക്കുന്നത് എന്നതൊരു തിരിച്ചറിവാണ്.

ആ തിരിച്ചറിവുകളിൽ ഉയിർപ്പിന്റെ കാൽവെയ്പ്പുകൾ കേൾക്കാം.

ഭൂമിയിൽ നിന്നത് മുന്നോട്ടോ പിന്നോട്ടോ ആകാം.

രാമായണത്തിലെ സീതാദേവിയെ നോക്കൂ.

അവൾ അവളെത്തന്നെ ഉയർത്തുന്നത് ശ്രേഷ്ഠമായ ഉത്ഭവയിടത്തിലേക്കു തന്നെ മടങ്ങിയാണ്.

മനുഷ്യൻ ആർജ്ജിക്കുന്നതും അതൊക്കെ തന്നെ.

ശ്രേഷ്ഠത...!

മൂന്നേകാൽ പതിറ്റാണ്ട് കൊണ്ടെഴുതിയ ആ ആത്മീയഗാഥയുടെ മൂന്നാം പക്കത്തിൽ അയാൾ അത്രയും ആർദ്രതയോടെ പുണർന്നതും അത് തന്നെ.

അഹിംസാപരമായ ഒന്നെങ്കിലും ലോകത്തിനെ ഞെട്ടിച്ച ഒരു ഫെമിനിസ്റ്റ് പോരാട്ടമായിരുന്നു, ഫീമെൻ (FEMEN) എന്ന സ്ത്രീകൂട്ടായ്മ നടത്തിയത്.

ഉക്രൈൻ വംശജരായ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി തുടങ്ങിയത്.

പോരാട്ടം ശക്തമായതോടെ ഇപ്പോൾ ഫ്രാൻസിൽ നിന്നും അവരതിനെ നിയന്ത്രിക്കുന്നു.

സ്ത്രീകളുടെ നീതി തന്നെ ലക്ഷ്യം.

മൂന്ന് തലങ്ങളിൽ.

യൂറോപ്പിലെ ലൈംഗികചൂഷണങ്ങൾ, പുരുഷാധിപത്യം, മതപരമായ സ്ത്രീവിരുദ്ധതകൾ എന്നീ പ്രശ്നങ്ങളിൽ നിന്നും തളിർത്തവർ.

നഗ്നമായ മാറിടത്തിൽ ശ്ലോകങ്ങൾ എഴുതി അവർ തെരുവിലിറങ്ങുന്നു.

വിമൻസ് ഡേയിൽ അതൊരു വലിയ വാർത്തയായിരുന്നു.

ധീരതയോടെ നീതിക്ക് വേണ്ടിയുള്ള ജയ് വിളികൾ പലനിറചിത്രങ്ങളായി നഗ്നമേനിയിൽ വരച്ചിട്ട ഒരു പറ്റം സ്ത്രീഹൃദയങ്ങളുടെ തീക്ഷ്ണമായ മിടിപ്പുകൾ.

നെഞ്ച് വിരിച്ചു നിൽക്കുന്ന അവരുടെ മുഖങ്ങളിൽ നിശ്ചയദാർഢ്യത്തിന്റെ ഉറപ്പും, പിന്നിട്ട നാളുകളിലെ വേദനകളിൽ മരവിച്ചുപോയിടങ്ങളുടെ ഉണർവ്വും വ്യക്തം!

അവകാശവാദങ്ങളെഴുതിയ കടലാസ്സുകളിലേക്ക് കണ്ണ് പായിക്കാൻ മടിക്കുന്ന ലോകനേതാക്കളെ ഈ പോരാട്ടം എന്തുകൊണ്ടും ഒന്നു ചിന്തിപ്പിച്ചിരിക്കും. ഉറപ്പ്!

ഇവർ ഓർമ്മിപ്പിച്ചത് മറ്റൊന്നാണ്.

Africaners അല്ലെങ്കിൽ ബോയെർസ് എന്നറിയപ്പെടുന്ന ദക്ഷിണാഫ്രിക്കയിലെ ഡച്ച് പിന്തുടർച്ചക്കാർ ഒരു തദ്ദേശീയ ഗ്രാമം അപ്പാടെ തുടച്ചു നീക്കാനെത്തുമ്പോൾ വീടുകളിൽ സ്ത്രീകൾ മാത്രം.

തങ്ങളെ കുടിയൊഴിപ്പിക്കാനെത്തിയവരെ കണ്ടതും വീടുനുള്ളിലേക്കവർ ഓടിക്കയറി. ഭയപ്പെട്ടിട്ടാകം എന്നോർത്തു നിന്നവരുടെ മുന്നിലേക്ക് പിന്നീടവർ ഇറങ്ങി ചെന്നത് വിവസ്ത്രരായിട്ടാണ്.

അത്യധികം സദാചാരമൂല്യങ്ങൾ സൂക്ഷിച്ചിരുന്നവരുടെ മുന്നിൽ ആ സ്ത്രീകൾ വിജയിക്കുക തന്നെ ചെയ്തു. വന്നവർ തലകുനിച്ചു തിരികെ മടങ്ങിയെന്നാണ് ചരിത്രം.

ജീവിതസാഹചര്യങ്ങളിൽ തളർന്നു വീഴില്ല എന്നുറപ്പിക്കുന്ന നിശബ്ദമായ പോർ വിളികൾ.

ഉയിർപ്പ് നിങ്ങളെ വ്യത്യസ്തരാക്കുന്നു.

ഏത് തലത്തിൽ നിന്നാണെങ്കിലും നിങ്ങൾ വെച്ചു നീട്ടിയ ആ വൈവിദ്ധ്യങ്ങളെ പിന്നീട് ലോകം വാഴ്ത്തി പാടും എന്നത് തന്നെ.

കാശ്മീരിലെ കുങ്കുമപ്പാടങ്ങൾ പോലെ.

തരിശ് ഭൂമിയിൽ പച്ചപ്പിന്റെ അതിപ്രസരമില്ലാതെ കുരുത്തുനിൽക്കുന്ന ഊതവർണ്ണപ്രഭ.

നീലയണിഞ്ഞ തെയ്യക്കോലങ്ങൾ പോൽ തലയാട്ടുന്ന പൂപ്പാടപ്പകിട്ടുകൾ എങ്ങനെ കാണാതെ പോകും!

നിത്യ മറിയം ജോണിന്റെ 'Kitchen Poems' ഒരു രാത്രി കൂട്ട് വന്നു.

കണ്ടും തൊട്ടും രുചിച്ചും പാകപ്പെടുത്തിയ അടുക്കളയിഷ്ടങ്ങളെ ഒരുവൾ കവിത യാക്കുകയാണ്.

അതിലൊരു ഏട്.

ഉന്തുവണ്ടിയിൽ പച്ചക്കറി വിൽക്കുന്ന ഒരച്ഛൻ.

പേര് കറിയ.

60 ന്റെ നിറവിൽ.

സായന്തനങ്ങളിൽ വന്നു ചേർന്ന സുഖസൗകര്യങ്ങളിൽ പോലും അയാൾ ആ തൊഴിൽ ഉപേക്ഷിക്കുന്നില്ല.

ചോദിക്കുമ്പോൾ കെട്ടിപ്പടുത്തതെല്ലാം അതിലൂടെ എന്നുത്തരം.

അയാളുടെ കാൽവെയ്പ്പുകൾക്കൊപ്പം ഉരുണ്ടുരുണ്ട് ജീവിതം നെയ്തുകൊടുത്ത നാൽചക്ര കൂട്ട്.

ഓർമ്മ വന്നത് 'Ikigai' ആണ്.

A reason to get up every morning.

ഓരോ പുലരിയിലും അയാളുടെ ഉയിർപ്പിന്റെ ഉറവിടം.

അല്ലെങ്കിൽ തന്നെ സകലതിന്റെയും ഉത്തരം സ്നേഹം എന്ന് മാത്രമാണ് എല്ലാ എഴുത്തുകളുടെയും അവസാന വരി.

ഒരു നോമ്പുകാലം പോലെ ജീവിതം മുന്നോട്ട് പോകുമ്പോൾ ഒടുവിൽ തളിർക്കുന്നത്രെയും പൂക്കളാണെന്നുള്ള വിശ്വാസമാണ് ഉയിർപ്പ്.

കുരിശിൽ പിടഞ്ഞവന്റെ കാൽവഴികളിൽ വിരിഞ്ഞ അതേ വസന്തം നമ്മെയും കാത്തിരിക്കുന്നു എന്ന മോക്ഷമന്ത്രം മറ്റൊലി കൊള്ളുന്നുണ്ട്.

പകുതി വാടിയ പച്ചക്കറിക്കൂട്ടങ്ങൾ മേടിക്കാൻ ആരും മടിക്കുന്നില്ല.

ഉന്തുവണ്ടിയുടെ പലകപ്പിടിയിൽ 'കറിയ ആൻഡ് കോ' എന്ന് വെറുതെയല്ല അയാൾ കോറിയിട്ടിരിക്കുന്നത്.

അതിജീവനത്തിന്റെ രേഖാചിത്രം എന്നർത്ഥം വരുന്ന 'A cartography of survival' എന്നാണ് നിത്യ അതിനെ ഈണത്തിൽ വാഴ്ത്തി പാടുന്നത്...!

മായ ഏയ്ഞ്ചലോയുടെ 'Still I Rise' എന്ന കവിത പോലെ.


'You may shoot me with your words,
You may cut me with your eyes,
You may kill me with your hatefulness,
But still, like air, I'll rise.'

ഏത് വാക്കിന്റെ മൂർച്ചകൊണ്ടു തുളച്ചാലും,

കണ്ണാകുന്ന കഠാരകൊണ്ടു വരഞ്ഞാലും, ഉള്ളിലെ വെറുപ്പ് ചാലിൽ തളച്ചാലും, ഞാൻ ഉയിർക്കും...

മരുത്തു പോലെ... ഉയിർക്കും...

## ഇടവക കൺവെൻഷൻ









ലേഖനം

ഉജ്വൽ ജോൺ ജോർജ്
(സെമിനാരി വിദ്യാർത്ഥി)



# നോമ്പ്: പരിവർത്തനത്തിനുള്ള ഇടനാഴി

പരിശുദ്ധ സഭ മഹനീയമായ വലിയ നോമ്പിലൂടെ കടന്നുപോവുകയാണ്. നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ രക്ഷാകരമായ പീഡാനുഭവത്തിനും പുനരുത്ഥാനത്തിനും സാക്ഷികളാകുവാൻ 50 ദിനങ്ങൾ വ്യതനിഷ്ഠയോടെ നാം ഒരുങ്ങുകയാണ്. 'നോമ്പ്' കേവലം ഒരു ആചാരാനുഷ്ഠാനമായി മാത്രം കാണുന്ന കാലത്താണ് നാം ജീവിക്കുന്നത്. പിന്നെയുള്ളത് നോമ്പു നോക്കാതിരിക്കാനുള്ള മുട്ടാന്യായങ്ങളാണ്. വേദപുസ്തക വാക്യങ്ങൾ വരെ ഉപയോഗിച്ചാണ് ന്യായീകരണങ്ങൾ സൃഷ്ടിക്കുന്നത്. നോമ്പു നോക്കാൻ വയ്യാ എന്നുള്ളത് മാത്രമാണ് സത്യം. നോമ്പു അനുഷ്ഠിക്കുന്നവനെ സംബന്ധിച്ചിടത്തോളം 'നോമ്പ്' ഒരിക്കലും ഒരു comfort zone അല്ല; മറിച്ച് ഒരു ഇടനാഴിപോലെ നിർബന്ധപൂർവമുള്ള ഒരു സമ്മർദ്ദമാണ്. ഇടനാഴികൾ ഒഴിവാക്കി തുറന്ന വഴികൾ തിരഞ്ഞെടുക്കുന്നതാണ് നമുക്ക് ഇഷ്ടം. കാരണം ആ വഴികളിൽ പരിമിതികൾ കുറവാണു. സൗകര്യപൂർവ്വം യാത്ര ചെയ്യാം. പക്ഷേ നോമ്പു അങ്ങനെയൊരു യാത്രയല്ല. അതിന്റെ ഫലപ്രാപ്തിക്കു ഈ ഇടനാഴിയിലൂടെയുള്ള ചലനം നിർബന്ധമാണ്.

**എന്തിനാണ് ഈ സമ്മർദ്ദം സ്വയം ഏറ്റെടുക്കുന്നത്?**

പരിവർത്തനം ആഗ്രഹിക്കുന്ന മനുഷ്യൻ അവന്റെ പതിവു സുരക്ഷിത മേഖലയ്ക്കുള്ളിൽ നിന്ന് പുറത്തേക്കു വരണം. പതിവ് ശീലങ്ങളിൽ നിന്നും മാറി ചിന്തിക്കണം, ജീവിതം കുറേകൂടി മെച്ചപ്പെടുത്തി ക്രമപ്പെടുത്തണം. തികഞ്ഞ ആത്മസമർപ്പണത്തിലും ആഴപ്പെട്ട ദൈവാശ്രയത്തിലും മാത്രമാണ് ഇതു സംഭവിക്കുന്നത്. ഈ സമ്മർദ്ദം ഏറ്റെടുക്കാൻ നല്ല ഉൾക്കരുത്തുകൂടി ആവശ്യമാണ്. ഈ കരുത്തില്ലായ്മയാണ് പല മനുഷ്യരെയും നോമ്പു നോക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നത്.

പഴയ നിയമത്തിൽ യാക്കോബ് പെനിയേൽ നദിക്കരയിൽ വെച്ചു ദൈവത്തിൽ സ്വയം സമർപ്പിച്ചപ്പോൾ, അവൻ ആത്മീയമായി ഉൾകരുത്തുള്ളവനും അനുഗ്രഹീതനുമായി ആത്മീയ രൂപാന്തരത്തിനായി വിധേയപ്പെട്ടു. ദമസ്കൊസിന്റെ പടിവാതിൽക്കൽ ഒരു പിൻവിളിയുടെ ബലത്തിൽ ശൗൽ പൗലോസായി മാറുന്നു. ചുങ്കമേശയുടെ പിറകിൽ നിന്നും യേശുവിന്റെ വിളി കേട്ടു മുന്നിലേക്കുവരുന്ന ലേവി പിന്നീട് മത്തായി ആണ്. ഈ പരിവർത്തനങ്ങൾ എല്ലാം ഒരു നോമ്പിന്റെ അനുഭവം പോലെയാണ്. വലിയ നോമ്പ് വെറും ഭക്ഷണനിയന്ത്രണത്തിന്റെ മാത്രം കാലഘട്ടമല്ല;

ഹൃദയത്തിന്റെ ശുദ്ധീകരണവും ചിന്തയുടെ നവീകരണവും ജീവിതത്തിന്റെ ക്രിസ്തുവിലുള്ള പുനർക്രമീകരണവുമാണ്. ഈ നിർബന്ധപൂർവ്വമായ സമ്മർദ്ദം നമ്മെ യഥാർത്ഥ പരിവർത്തനത്തിലേക്കു നയിക്കണം. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു. ഈ പുതുമ നോമ്പിലൂടെ കടന്നുപോകുന്ന വിശ്വസിയുടെ ജീവിതത്തിൽ പ്രകടമാകണം.



**സഭാദിനാഘോഷം**

പരി. സഭയിൽ കാതോലിക്കേറ്റ് സ്ഥാപിതമായതിന്റെ ഓർമ്മയിൽ സഭാദിനം ആചരിച്ചു. മലബാർ ഭദ്രാസനത്തിലെ ബഹു. ജസ്റ്റിൻ ജോൺ അച്ചൻ വി. കുർബാന അർപ്പിച്ചു സഭാദിനസന്ദേശം നൽകി. ഇടവക വികാരി ബഹു. എബ്രഹാം കാരാമേൽ അച്ചൻ പ്രത്യേക പ്രാർത്ഥന നടത്തി, സഭാ പതാകയും ഉയർത്തി.



**നോമ്പുകാല ധ്യാനം**

വനിതാസമാജം നോമ്പുകാല ധ്യാനം **ഡോ. അജിയ ബിനു** നയിച്ചു.

ലേഖനം

അൽസ തമ്പി



# പരിശുദ്ധാത്മാവെന്ന ചങ്ങാതി

ഒരു നല്ല ചങ്ങാതിയുണ്ടാവുക ഭാഗ്യമാണ്. അങ്ങനെയുള്ള ചങ്ങാതിമാരെ നമുക്കെല്ലാം ഇഷ്ടവുമാണല്ലോ? എന്തും തുറന്നു പറയുവാൻ ഒരു ചങ്ങാതി ഉണ്ടാകുന്നത് നല്ലതല്ലേ! പ്രത്യേകിച്ച് യുവജനങ്ങളെ ഏറെ സ്വാധീനിക്കുന്നത് കൂട്ടുകാരാണല്ലോ. നമ്മുടെ വിശ്വാസജീവിതത്തിൽ ദൈവം നമുക്ക് ദാനമായി നൽകിയ, നമ്മോടൊപ്പം എല്ലായ്പ്പോഴും ഉണ്ടാകാൻ നിയോഗിക്കപ്പെട്ട കൂട്ടുകാരൻ ആരാണെന്നു അറിയാമോ? വി. വചനം പറയുന്നു: വി. യോഹന്നാൻ 16:13, 'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും'. യേശു പറയുന്നു: 'പിതാവ് സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്കു തരും'.

റോമർ 5:5, 'ദൈവത്തിന്റെ സ്നേഹം നമുക്ക് നല്കപ്പെട്ട പരിശുദ്ധത്മവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു'.

വിശുദ്ധ മാമോദീസയിലൂടെ ക്രിസ്തു സഭയിലെ അംഗങ്ങളായ നാമോരോരുത്തരും പരിശുദ്ധത്മാവിനെ പ്രാപിച്ചിട്ടുണ്ട്. എന്നാൽ അവിടെനിന്നും പിന്നെ നാം എങ്ങനെയാണ് ഈ ജീവിതയാത്ര തുടരുന്നത്. ദാവീദ് പാടുന്നു,'ദൈവമേ സ്ഥിരതയുള്ള ആത്മാവിനെ എന്നിൽ പുതുക്കണമേ, നിന്റെ പരിശുദ്ധത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ' എന്നു. നമ്മുടെ പ്രാർത്ഥനയും ഇങ്ങനെയാകട്ടെ. പരിശുദ്ധത്മാവ് നമ്മിൽ ജ്വലിപ്പിച്ചു നിർത്തുന്ന ഫലങ്ങൾ ഗലാത്യ ലേഖനത്തിൽ പറയുന്നുണ്ട്. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്ഥത, സൗമ്യത, ഇന്ദ്രിയ ജയം. ദൈവരാജ്യത്തിന്റെ അംഗങ്ങളായ മനുഷ്യരുടെ മനോഭാവമാണ് നിസ്വാർത്ഥ സ്നേഹത്തിലൂടെ ദൈവത്തോടും, നമ്മോടൊപ്പം ഉള്ളവരോടും അനുരഞ്ജനപ്പെട്ടു ജീവിക്കുക എന്നത്. ഇതിന് നമ്മെ സഹായിക്കുന്നത് നമ്മിലുള്ള പരിശുദ്ധത്മാവാണ്. തക്കസമയത് പറഞ്ഞ വാക്ക് വെള്ളിത്താലത്തിൽ പൊൻനാരങ്ങ പോലെയെന്നു കേട്ടിട്ടില്ലേ (സദൃശ്യവാക്യം 25:11). സ്ഥിരതയുള്ള ആത്മാവ് നമ്മിൽ പുതുക്കപ്പെട്ടിരുന്നാൽ പറയേണ്ട സമയത്തു പറയുവാനും പറയേണ്ടാത്തത് പറയാതിരിക്കാനും നമുക്ക് ബുദ്ധി ഉപദേശിച്ചു തരും.

പ്രശ്നങ്ങളും, പ്രതിസന്ധികളും നമ്മുടെ ജീവിതത്തിൽ സ്വഭാവികമാണ്. നമ്മിൽ വസിക്കുന്ന ആത്മാവിന്റെ ശക്തിയാൽ ധൈര്യപ്പെടുവാനും പ്രശ്നങ്ങളെ അതിജീവിക്കാൻ കഴിയുന്നതുമാണ് യഥാർത്ഥ സമാധാനം. ഒരു വ്യക്തിക്കു നിരാശയില്ലെങ്കിൽ ആ വ്യക്തിയിൽ പരിശുദ്ധത്മാവ് പ്രവർത്തിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. വിശുദ്ധ നോമ്പ് അനുഭവം നമ്മിലെ പരിശുദ്ധത്മാവിനെ പുതുക്കി പ്രത്യാശയുടെ അനുഭവത്തിൽ നമ്മെ നയിക്കട്ടെ.

ദൈവീക കല്പനക്കു വിധേയമായി പരിശുദ്ധാത്മാവ് എന്ന ചങ്ങാതി കാണിച്ചു തരുന്ന പാതയിലൂടെ നമ്മുടെ ജീവിത യാത്ര തുടരട്ടെ. അങ്ങനെ കുടുംബത്തിലും, സമൂഹത്തിലും, സഭയിലും സമാധാനം സൃഷ്ടിക്കുന്നവരാകുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ആരാധന പഠനം



കവിത

## എന്റെ കൊച്ചു ഗ്രാമം

**തങ്കമ്മ ജേക്കബ് കുളങ്ങര**

1. ഓണവെയിൽ ഒളിമങ്ങിയ
ഒരു സായംസന്ധ്യയിൽ
ഏകാന്ത പഥികയായ്
ഞാൻ നിന്നീടും നേരം
എൻ ഓർമ്മകളെ തഴുകി പുൽകി വന്നു
എന്റെ കൗമാര സ്വപ്നങ്ങൾ നെയ്ത-ആ
ശാലീന സുന്ദരമായ പണ്ടത്തേകൊച്ചുഗ്രാമത്തെ ഒന്ന്
ഓർത്തുപോയി ഞാൻ.
2. സഹ്യന്റെ വിരിമാറിൽ നിന്നൊഴുകിയൊഴുകി
പാറയിടുക്കിലൂടെ ഒലിച്ചിറങ്ങിയും
കാനന പൂഞ്ചോലയിൽ നീന്തിത്തുടിച്ചും
നീലക്കൊടുവേലിത്തടത്തിൽ തട്ടിത്തുളുമ്പി-
തണുപ്പുറയുന്ന കുളങ്ങളും തോടുകളുമുള്ളതായിരുന്നു
എന്റെ കൊച്ചുഗ്രാമം.
3. പച്ചപ്പട്ടുടയാടകളണിഞ്ഞ്
പവിഴമലർ കതിരുകൾ ചൂടിനിൽക്കുന്ന വയലേലകളും
വയലേലകളുടെ അരികത്തായി
കൈതപ്പൂ മണവുമായി
കളകളം പാടിപ്പാടി
കുണുങ്ങിക്കുണുങ്ങിയൊഴുകുന്ന
കൈയ്യാണിത്തോടുകളും
തോട്ടിനുള്ളിലെ തെളിനീരിൽ
മാനം നോക്കി കളിച്ചും കുളച്ചും രസിച്ചും
മത്സരിച്ചു നീന്തുന്ന പരൽമീൻ പറ്റങ്ങളും.
4. ചിങ്ങക്കൊയ്ത്ത് കഴിഞ്ഞ പാടത്ത്
കന്നുപൂട്ടുന്ന കറുമ്പൻ പുലയന്റെ പിന്നിലേക്ക്
തവളയും ഞണ്ടും ഞവണിയും കൊത്തിപ്പെറുക്കിത്തിന്ന്
നടവരമ്പത്ത് ഒറ്റക്കാലിൽ ഉറക്കം നടിച്ചുറങ്ങുന്ന
കൊക്കിൻ കൂട്ടങ്ങളും.
5. തലയിൽ തൊപ്പിപ്പാളയണിഞ്ഞ്
അരയിൽ കച്ചത്തോർത്തുമുണ്ടുടത്ത്
കൈയ്യിൽ ചാട്ടവാറും പിടിച്ചെത്തുന്ന തൊമ്മൻചേട്ടൻ
ജോടിക്കാളതൻ മുതുകിൽ
ഞവരിപ്പലക വലിച്ചുകെട്ടി
ഉഴുതിട മണ്ണിൽ ഒളിമ്പിക്സ് ഓടിപ്പിച്ച്
പായസ പരുമാക്കിയ ചേറിനുള്ളിൽ
കുടിലിലെ ഇല്ലായ്മ, വല്ലായ്മ, പറഞ്ഞ്
പാട്ടുപാടി ഞാറുനടുന്ന കിടാത്തിമാരും.
6. മേടമാസപ്പുലരിയിൽ വിഷുക്കണി കാണാനായീ
പൂത്തുലഞ്ഞു നിൽക്കുന്ന കൊന്നമരങ്ങളും
കള്ളക്കർക്കിടകത്തിൽ കാലവർഷം പെയ്തിറങ്ങുമ്പോൾ
തൊടിയിലും തോട്ടിലും വെള്ളം നിറഞ്ഞു കവിയുമ്പോൾ
വാഴത്തടവെട്ടി, ചങ്ങാടം കെട്ടി
തുഴഞ്ഞു കളിക്കുന്ന ചങ്ങാതിമാരും
എല്ലാം എല്ലാമുള്ളതായിരുന്നു
എന്റെ കൊച്ചുഗ്രാമത്തിൽ.

## പാതിനോമ്പ്





പാതിനോമ്പ് ശുശ്രൂഷകൾക്ക് **നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സക്കറിയ മാർ നിക്കോളാവോസ് തിരുമേനി** നേതൃത്വം നൽകി.



**കുട്ടികളുടെ വി. കുമ്പസാരം**



**OVBS ക്ലാസ്**

# OVBS 2026

നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി എല്ലാ വർഷവും സംഘടിപ്പിക്കുന്ന അവധിക്കാല ബൈബിൾ ക്ലാസ്സ് (OVBS) ഈ വർഷം ഏപ്രിൽ 6 മുതൽ 11 വരെ നടന്നു. കോട്ടയം ഓർത്തോഡോക്സ് സെമിനാരി മൂന്നാം വർഷ വിദ്യാർത്ഥി **ബ്രദർ ക്രിസ്റ്റോ ജോൺ തോമസ്** ഈ വർഷത്തെ ക്ലാസുകൾക്ക് നേതൃത്വം നൽകി. നമ്മുടെ ഇടവകയിലെ 100 ഓളം കുഞ്ഞുങ്ങളും അധ്യാപകരും ഒ.വി.ബി.എസ്.ക്ലാസ്സുകളിൽ പങ്കെടുത്തു. എല്ലാ ദിവസവും രുചികരമായ ഭക്ഷണം കുഞ്ഞുങ്ങൾക്ക് നൽകുന്നതിൽ സഹായിച്ച എല്ലാവരോടും പ്രത്യേകം നന്ദി അറിയിക്കുന്നു.


















മൂവാറ്റുപുഴ സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിൽ നിന്നും ഒ.വി.ബി.എസ്. കുഞ്ഞുങ്ങളും അധ്യാപകരും വികാരി എബ്രഹാം അച്ചന്റെയും സഹവികാരി സിബി അച്ചന്റെയുമൊപ്പം പ്രാർത്ഥനയോടെ കൂനൻ കുരിശ് തീർത്ഥാടനകേന്ദ്രത്തിൽ. വന്ദ്യ ബെന്യാമിൻ റമ്പാച്ചൻ പള്ളിയെക്കുറിച്ച് ചരിത്രപരമായ ക്ലാസ്സ് നടത്തി. പ്രാർത്ഥന നടത്തുകയും ചെയ്തു.

# ST. THOMAS CATHEDRAL MUVATTUPUZHA

## Calendar & Prayer Meeting Schedule

### APRIL

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | | |

### MAY

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| 31 | | | | | 1 | 2 |
| 3 | 4 | 5 | 6 | 7 | 8 | 9 |
| 10 | 11 | 12 | 13 | 14 | 15 | 16 |
| 17 | 18 | 19 | 20 | 21 | 22 | 23 |
| 24 | 25 | 26 | 27 | 28 | 29 | 30 |

### JUNE

| Su | Mo | Tu | We | Th | Fr | Sa |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | | | | |

19 Biju Zacharia Nellickal, Mob: 9447032656
26 Jijo K. J., Kunnathumattathil, Mob: 9388800924, 7994138874

03 Joby P. Babu, Puthenpurayil Mob: 9142171120.
10 Geevarghese Mathew, Santhiniketan,Kizhakkekara, Mob: 70440 86644
17 V. P. Vijayan, Vettukattil, Mob: 9809808225
24 M. I. Joseph, Malakunnel, Malakunnel Mob: 9562100909
31 Roy Varghese, Peedikakudiyil, Mob: 9495737914

07 Chinnamma Paulose, Alackal, Mob: 9446314248
14 T. M. Varghese, Thadathel Mob: 9946537055.
21 Rajeev Uthuppan ,Vettukattil, Mob: 9447606753
28 Saramma Thankachan, Vazheparambil, Mob: 8289854486

## ഹാശായാഴ്ചയിലെ ആരാധന











